നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിത്സാ രംഗത്തെ ആധുനിക സൗകര്യം മറ്റ് സർക്കാർ മെഡിക്കൽ മോളേജ്ജുകളിൽ കൂടി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യ ബാച്ചിൽ ഐ.വി.എഫ്-ലൂടെ 4 കുട്ടികളെ ലഭിച്ചിട്ടുണ്ട്. അടുത്ത ബാച്ചും വിജയകരമായി തുടരുന്നു. തിരുവനന്തപുരത്തുള്ള തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ചികിത്സ വിപുലീകരിക്കുന്നതിനായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ

24(2715) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ട് 30 വർഷത്തിലധികം സീനിയോറിറ്റി ഉള്ളവരും നിശ്ചിത പ്രായപരിധിയായ 50 വയസ് പൂർത്തിയായവരുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സീനിയോറിറ്റിയും പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5185 ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്.

(ബി) സോഫ്റ്റ് കോപ്പി ഉള്ളടക്കം ചെയ്യുന്നു.*

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കൾ

25(4202) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കളുടെ എണ്ണം ജില്ല തിരിച്ച്, വ്യക്തമാക്കാമോ ;

(ബി) സർക്കാർ അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രജിസ്റ്റർ ചെയ്ത് 15 വർഷത്തിൽ കൂടുതൽ ആയിട്ടും ഒരു തൊഴിലും ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	ജില്ല	പുരുഷൻ	സ്ത്രീ
1	തിരുവനന്തപുരം	219008	335419
2	കൊല്ലം	140252	224749
3	ആലപ്പുഴ	124808	190268
4	പത്തനംതിട്ട	50755	76720
5	കോട്ടയം	88515	129491
6	ഇടുക്കി	44825	67072
7	എറണാകുളം	143279	190214
8	തൃശ്ശൂർ	114442	204721
9	പാലക്കാട്	123105	150142
10	മലപ്പുറം	123414	190125
11	കോഴിക്കോട്	134542	238600
12	വയനാട്	34841	49909
13	കണ്ണൂർ	77325	139039
14	കാസർഗോഡ്	37100	55212
	ആകെ	1456211	2241681

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ 2012-2013 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകൾ മുഖാന്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചി വിവിധ ടെസ്റ്റുകളിലൂടെ കണ്ടെത്തി സോഫ്റ്റ് സ്കില്ലുകളിൽ പരിശീലനം നൽകുകയും സർക്കാർ/പൊതുമേഖലാ/സ്വകാര്യ മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽദായകരുമായി സഹകരിച്ചുകൊണ്ട് തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. പി.എസ്.സി. വഴി അല്ലാത്ത നിയമനങ്ങളിൽ ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിലേക്ക് തൊഴിൽ പരിചയം, ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, രജിസ്ട്രേഷൻ സീനിയോറിറ്റി മുൻഗണന എന്നിവയുടെയും നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അനുയോജ്യമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയച്ചുകൊടുക്കുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ചെയ്യുന്നത്. ടെസ്റ്റ്/ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗദായകരാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 15 വർഷത്തിൽ കൂടുതൽ ആയിട്ടും ഒരു തൊഴിലും ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഉദ്യോഗാർത്ഥികളുടെ എണ്ണം
1	തിരുവനന്തപുരം	170081
2	കൊല്ലം	85568
3	ആലപ്പുഴ	121410
4	പത്തനംതിട്ട	17048
5	കോട്ടയം	38641
6	ഇടുക്കി	38856
7	എറണാകുളം	114278
8	തൃശ്ശൂർ	77120
9	പാലക്കാട്	100161
10	മലപ്പുറം	115972
11	കോഴിക്കോട്	102357
12	വയനാട്	22416
13	കണ്ണൂർ	56333
14	കാസർഗോഡ്	27200
	ആകെ	1087441

LIBRARY ARCHIVES Kerala Legislative Assembly